കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

നം: 12336/ഇഎം2/11/തസ്വഭവ                തിരുവനന്തപുരം,തീയതി: 01/03/2011.

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ദേശീയ ഗ്രാമീണ ആരോഗ്യ മിഷനിലെ 'ആശ'വർക്കർമാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അംഗങ്ങളായി തുടരുന്നത് - സ്പഷ്ടീകരണം - സംബന്ധിച്ച്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2010 -ലെ പൊതുതിരഞ്ഞെടുപ്പിൽ വിജയിച്ച 'ആശ' (ASHA- Accredited Social Health Activists) വർക്കർമാരെ ഓണറേറിയം കൈപ്പറ്റുന്ന ജീവനക്കാരായി പരിഗണിക്കുന്നതായും തദ്ദേശഭരണ സമിതികളിൽ അംഗങ്ങളായി തുടരുന്നതിന് തടസ്സങ്ങൾ ഉയർത്തുന്നതായും ഉള്ള പരാതികൾ സർക്കാരിൻെറ ശ്രദ്ധയിൽപെട്ടിരിക്കുന്നു. ഇത് സംബന്ധിച്ച് താഴെ പറയുന്ന സ്പഷ്ടീകരണം നൽകുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനും അംഗങ്ങളായി തുടരുന്നതിനും, സംസ്ഥാന സർക്കാരിൻെറയോ കേന്ദ്ര സർക്കാരിൻെറയോ അല്ലെങ്കിൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേയോ അല്ലെങ്കിൽ സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനമോ നിയന്ത്രിക്കുന്ന ഒരു കോർപ്പറേഷനിലെയോ അല്ലെങ്കിൽ സംസ്ഥാന സർക്കാരിനോ കേന്ദ്ര സർക്കാരിനോ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ അൻപത്തി ഒന്ന് ശതമാനത്തിൽ കുറയാതെ ഓഹരി ഉള്ള ഏതെങ്കിലും കമ്പനിയിലേയോ സംസ്ഥാനത്തെ ഏതെങ്കിലും നിയമാധിഷ്ഠിത ബോർഡിലേയോ ഏതെങ്കിലും സർവകലാശാലയിലേയോ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ഉള്ള അയോഗ്യത കേരള പഞ്ചായത്ത് രാജ് ആക്ടിലെ 30-ാം വകുപ്പിലും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 86-ാം വകുപ്പിലും പ്രതിപാദിക്കുന്നു. ഈ വകുപ്പുകളുടെ ആവശ്യത്തിലേക്കായി പാർട്ട്ടൈം ജീവനക്കാരും ഓണറേറിയം കൈപ്പറ്റുന്നവരും ജീവനക്കാരായി കരുതപ്പെടേണ്ടതാണ് എന്ന വിശദീകരണം ഉൾപ്പെടുത്തി കേരള പഞ്ചായത്ത് രാജ് ആക്ടിലെ 30-ാം വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 86-ാം വകുപ്പും ഭേദഗതി ചെയ്തിട്ടുണ്ട്. പ്രസ്തുത നിയമഭേദഗതികളുടെ വെളിച്ചത്തിൽ ഓണറേറിയം കൈപ്പറ്റുന്നവർ എന്ന നിലയിൽ അംഗൻവാടി ജീവനക്കാരും സാക്ഷരതാ മിഷൻ പ്രേരക്മാരും മറ്റും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനും അംഗങ്ങളായി തുടരുന്നതിനും അയോഗ്യരാണ് എന്ന് സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ ദേശീയ ഗ്രാമീണ ആരോഗ്യ മിഷനു കീഴിൽ സന്നദ്ധ പ്രവർത്തനം (Honorary work) നടത്തുന്ന 'ആശ' (Accredited Social Health Activists) വർക്കർമാർ സർക്കാരിൽ നിന്ന് ഓണറേറിയമോ വേതനമോ കൈപ്പറ്റുന്നില്ല. മാത്രമല്ല അവർ പാർട്ട്ടൈം ജീവനക്കാരുമല്ല. ദേശീയ ഗ്രാമീണ ആരോഗ്യ മിഷനു വേണ്ടിയുള്ള സന്നദ്ധ പ്രവർത്തനത്തിനുള്ള ഇൻസന്റീവ് മാത്രമാണ് 'ആശ' (ASHA) വർക്കർമാർ കൈപ്പറ്റുന്നത്.

'ആശ' വർക്കർമാരെ കേരള പഞ്ചായത്ത് രാജ് ആക്ട് 30-ാം വകുപ്പ്/കേരള മുനിസിപ്പാലിറ്റി ആക്ട് 86-ാം വകുപ്പ് പ്രകാരമുള്ള ജീവനക്കാരായി കണക്കാക്കാൻ കഴിയില്ല എന്നതിനാൽ അവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനോ അംഗങ്ങളായി തുടരുന്നതിനോ നിയമപരമായി അയോഗ്യത ഇല്ല എന്ന് സ്പഷ്ടീകരണം നൽകുന്നു.

**എസ്.എം. വിജയാനന്ദ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറുമാർക്കും, സെക്രട്ടറിമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡൻറുമാർക്കും, സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡൻറുമാർക്കും, സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാൻമാർക്കും, സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ. തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിലേക്കായി)
ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ള്യൂ) വകുപ്പ്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ